# ദൂത് 8: നമുക്ക് ഒന്നിനും കുറവില്ലാത്ത ദേശമായ നല്ലദേശമെന്ന നിലയിൽ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ അനുഭവമാക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു

## ഉൾകാഴ്ച

**I. സർവോൽകൃഷ്ടനും സർവവും-ഉൾക്കൊള്ളുന്നവനുമായ ക്രിസ്തു നമ്മുടെ അനുഭവത്തിനും ആസ്വാദനത്തിനുംവേണ്ടി വെളിച്ചത്തിലുള്ള വിശുദ്ധന്മാരുടെ നറുക്കിട്ടുനൽകപ്പെട്ട ഓഹരിയാണ്**

- യിസ്രായേൽമക്കൾക്ക് അവരുടെ അവകാശമായി നല്ല ദേശമായ കനാനെ നറുക്കിട്ടുനൽകിയത്, നല്ലദേശത്തിന്റെ സമ്പന്നത, അവന്റെ ആത്മാവിൽ പുതിയനിയമ വിശ്വാസികളുടെ നറുക്കിട്ടുനൽകപ്പെട്ട ഓഹരിയായ് വിശ്വാസികൾക്കുള്ള ധാരാളമായ സഹായമെന്ന നിലയിൽ, വ്യത്യസ്ത വശങ്ങളിലുള്ള ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ മുൻകുറിക്കുന്നു. ദേശത്തിന്റെ സമ്പന്നത ആസ്വദിക്കുന്നതിലൂടെ, ക്രിസ്തുവിലുള്ള വിശ്വാസികൾ ദൈവത്തിന്റെ ഭവനവും ദൈവത്തിന്റെ രാജ്യവുമായ ക്രിസ്തുവിന്റെ ശരീരമാകുവാൻ പണിയപ്പെടുന്നു. നല്ലദേശമായ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ ആസ്വദിക്കുവാൻ നാം വെളിച്ചത്തിൽ ആയിരിക്കണം; വെളിച്ചം ദൈവത്തിന്റെ സാന്നിധ്യമാണ് ①ദൈവം വെളിച്ചമാകുന്നു; ②ദൈവവചനം വെളിച്ചമാകുന്നു; ③ക്രിസ്തു വെളിച്ചമാകുന്നു; ④ക്രിസ്തുവിന്റെ ജീവൻ വെളിച്ചമാകുന്നു; ⑤വിശ്വാസികൾ വെളിച്ചമാകുന്നു; ⑥സഭ വെളിച്ചത്തെ പ്രകാശിക്കുന്ന ഒരു നിലവിളക്കാകുന്നു.

  [Deut. 8:9] ഒലിവുവൃക്ഷവും തേനും ഉള്ള ദേശം; സുഭിക്ഷമായി ഉപജീവനം കഴിയാകുന്നതും ഒന്നിന്നും കുറവില്ലാത്തതുമായ ദേശം; കല്ലു ഇരിമ്പായിരിക്കുന്നതും മലകളിൽ നിന്നു താമ്രം വെട്ടി എടുക്കുന്നതുമായ ദേശം. [Col. 1:12] വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു; [Josh 14:1] കനാൻ ദേശത്തു യിസ്രായേൽമക്കൾക്കു അവകാശമായി ലഭിച്ച ദേശങ്ങൾ ആവിതു:... ഇവ അവർക്കു വിഭാഗിച്ചുകൊടുത്തു. [1 Pet. 2:9] എന്നാൽ നിങ്ങൾ, അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകളെ ഘോഷിക്കുവാൻ തക്കവണ്ണം... [1 John 1:5] ...ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല...

**II. നാം മണ്ണിൽനിന്നും ആഗിരണം ചെയ്യുന്ന മൂലകങ്ങളാൽ വളരത്തക്കവണ്ണം, നമുക്ക് ഒന്നിനും കുറവില്ലാത്ത ദേശം എന്ന, നല്ലദേശമായ ക്രിസ്തു നാം വേരൂന്നിയിരിക്കുന്ന സമ്പന്നമായ മണ്ണാണെന്ന് കൊലൊസ്സ്യർ 2:6-7 വെളിപ്പെടുത്തുന്നു**

- ദൈവം യഥാർഥ കൃഷിക്കാരനും, പൗലൊസ് അവന്റെ കൂട്ടുവേലക്കാരിൽ ഒരുവനുമായിരുന്നു; മണ്ണായ ക്രിസ്തുവിലേക്ക് പൗലൊസ് വിശ്വാസികളെ നട്ടു. ക്രിസ്തുവിലേക്ക് നട്ടിരിക്കുന്ന നാം നമ്മുടെ അനുഭവത്തിൽ നാം അവനിൽ പൂർണരാകേണ്ടതിന് സമ്പന്ന മണ്ണെന്ന നിലയിൽ ക്രിസ്തുവിന്റെ എല്ലാ മൂലകങ്ങളും നമ്മിലേക്ക് ആഗിരണം ചെയ്യത്തക്കവണ്ണം സർവവും-ഉൾക്കൊള്ളുന്ന ദേശമായ കർത്താവിനെ ആസ്വദിക്കുവാൻ നാം സമയമെടുക്കണം. മണ്ണായ ക്രിസ്തുവിന്റെ സമ്പന്നത നാം ആഗിരണം ചെയ്യണമെങ്കിൽ, നമുക്ക് മൃദുവായ പുതുവേരുകൾ ഉണ്ടായിരിക്കണം; നമ്മുടെ സാഹചര്യത്തെയും, നമ്മുടെ അവസ്ഥയെയും, നമ്മുടെ പരാജയങ്ങളെയും, നമ്മുടെ ബലഹീനതകളെയും മറന്ന്, കർത്താവിനെ ആഗിരണം ചെയ്യുവാൻ നാം സമയമെടുക്കണം; കർത്താവുമായുള്ള നമ്മുടെ സമ്പർക്കം ധൃതിയിലായിരിക്കരുത്; അവനെ ആഗിരണം ചെയ്യുന്നതിന് കർത്താവിന്റെ സാന്നിധ്യത്തിൽ തങ്ങുവാൻ നമ്മുടെ ആത്മാവിനെ നാം വ്യായാമം ചെയ്യണം; കർത്താവിനെ ആഗിരണം ചെയ്യുന്നതിന്—അവനെ ഗാഢമായി സ്നേഹിക്കുവാനും, അവനെ സ്തുതിക്കുവാനും, അവന് സ്തോതം അർപ്പിക്കുവാനും, അവനോട് സ്വതന്ത്രമായി സംസാരിക്കുവാനും—നാം കൂടുതൽ സമയം ചിലവഴിക്കണം; ശരീരത്തിന്റെ വളർച്ച, വളരെ വ്യക്തിനിഷ്ഠമായ രീതിയിൽ, നമ്മുടെ ഉള്ളിലുള്ള ദൈവത്തിന്റെ വളർച്ചയെ, ദൈവത്തിന്റെ വർധനവിനെ ആശ്രയിച്ചിരിക്കുന്നു; ശരീരത്തിന്റെ വളർച്ച ദൈവത്തിന്റെ കെട്ടിടത്തിന്റെ വളർച്ചയാണ്; സഭയുടെ വാസ്തവമായ കെട്ടുപണി വിശ്വാസികളുടെ ജീവനിലുള്ള വളർച്ചയാലാണ്. [Col. 2:6-7] ആകയാൽ നിങ്ങൾ യേശു കർത്താവായ, ക്രിസ്തുവിനെ കൈക്കൊണ്ടതുപോലെ, അവനിൽ നടക്കുവിൻ, അവനിൽ വേരൂന്നി പണിയപ്പെട്ടുകൊണ്ട്,... [Col. 2:19] ...തലയെ മുറുകെപ്പിടി(ച്ചുകൊണ്ട്) തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

## അനുഭവം

**III. നമുക്ക് ഒന്നിനും കുറവില്ലാത്ത മണ്ണായ ക്രിസ്തുവിന്റെ ഒരു പൂർണ വിവരണവും നിർവചനവും കൊലൊസ്സ്യർ 2:8-15 അവതരിപ്പിക്കുന്നു; സർവവും-ഉൾക്കൊള്ളുന്ന ദേശമായി അവനെ ആഗിരണം ചെയ്യുവാൻ നാം സമയമെടുക്കുമ്പോൾ, ഈ വാക്യങ്ങളിലുള്ള വസ്തുതകൾ നമ്മുടെ അനുഭവമായിത്തീരുന്നു; വസ്തുതകൾ ക്രിസ്തുവിലും, അനുഭവം ക്രിസ്തുവിനാലും ക്രിസ്തുവിനോടു കൂടെയുമാണ്:**

- മണ്ണെന്ന നിലയിലുള്ള ക്രിസ്തുവിലാണ് ദൈവത്വത്തിന്റെ സകല സമ്പന്നതയും മാത്രമല്ല ദൈവത്തിന്റെ സമ്പന്നതയുടെ ആവിഷ്കാരവും ദേഹരൂപമായി വസിക്കുന്നത്.

മണ്ണായ ക്രിസ്തുവിൽ നാം വേരൂന്നിയിരിക്കുമ്പോൾ, നാം അവനിൽ പൂർണരാകുന്നു; അവന്റെ ആവിഷ്കാരമായിത്തീരുവാൻ എല്ലാ ദിവ്യ സമ്പത്താലും നാം നിറയുന്നു; നമുക്ക് ഒന്നിനും കുറവില്ല. മണ്ണായ ക്രിസ്തു സകല വാഴ്ച്ചയുടെയും അധികാരത്തിന്റെയും തലയാണ്. അവനിൽ കൊല്ലലിൻ ശക്തിയുണ്ട്, അത് ജഡത്തെ മരപ്പിക്കുന്നു, നാം അടക്കപ്പെടുവാൻ ഇടയാക്കുന്ന മൂലകമുണ്ട്, നാം ഉയിർപ്പിക്കപ്പെടുവാൻ ഇടയാക്കുന്ന മൂലകമുണ്ട്, നമ്മെ ജീവിപ്പിക്കുന്ന മൂലകമുണ്ട്, ചട്ടങ്ങളിലുള്ള കയ്യെഴുത്തുകളുടെ മായ്ച്ചുകളയലുണ്ട്, അന്തരീക്ഷത്തിലെ ദുഷ്ടാത്മാക്കളുടെമേലുള്ള വിജയമുണ്ട്.

[Col. 2:9-10] അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്, സകല വാഴ്ച്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങളും പൂർണരായിരിക്കുന്നു.

**IV. ഇതുകൂടാതെ, മണ്ണായ ക്രിസ്തു അവന്റെ വ്യക്തിയുടെയും പ്രക്രിയകളുടെയും എല്ലാ സമ്പന്നത്തോടുംകൂടെ ദൈവത്തിന്റെ ചരിത്രവും മർമവുമാണ്**

- ക്രിസ്തു ദൈവം ആകുന്നു. അതുപോലെ അവൻ ഒരു മനുഷ്യനെന്ന നിലയിൽ അവൻ അപ്പൊസ്തലനാണ്, പ്രവാചകനാണ്, അത്ഭുതമന്ത്രിയാണ്, ഗുരുവാണ്, നായകനാണ്, യജമാനനാണ്, അടിമയാണ്, ഇടയനാണ്, സാക്ഷിയാണ്, പുരോഹിതനാണ്, മധ്യസ്ഥനാണ്, ഈടാണ്, രാജാവാണ്, മണവാളനാണ്. ക്രിസ്തു നമ്മുടെ ആവശ്യകതകളാണ്. അവൻ നമ്മുടെ വെളിച്ചമാണ്, വായുവാണ്, വെള്ളമാണ്, ആഹാരമാണ്, വസ്ത്രമാണ്, പാർപ്പിടമാണ്, ആസ്വാദനവും വിശ്രമവുമാണ്, ദിവ്യ സഹായമാണ്, ശക്തിയാണ്, ജ്ഞാനമാണ്, നീതിയാണ്, വിശുദ്ധീകരണമാണ്, വീണ്ടെടുപ്പാണ്. ക്രിസ്തു സഭയ്ക്കുവേണ്ടിയാണ്: അവൻ ശരീരത്തിന്റെ തലയാണ്, തലയുടെ ശരീരമാണ്, സഭയുടെ അടിസ്ഥാനമാണ്, ദൈവാലയമായ സഭയുടെ മൂലക്കല്ലാണ്, പുതുമനുഷ്യന്റെ എല്ലാ അംഗങ്ങളുമാണ്. [John 8:12] ..യേശു...അവരോട് ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഒരുവിധത്തിലും ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകും എന്നു പറഞ്ഞു.. [John 4:14] ...എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും എന്ന് ഉത്തരം പറഞ്ഞു.

  [1 Cor. 1:24] എന്നാൽ വിളിക്കപ്പെട്ട, യെഹൂദന്മാർക്കും യവനന്മാർക്കും, ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവും ആകുന്നു.

  [1 Cor. 1:30] എന്നാൽ അവനാൽ നിങ്ങൾ ക്രിസ്തു യേശുവിൽ ആകുന്നു, അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ.

**V. അപ്രമേയമായി സമ്പന്നമായ നമ്മുടെ നല്ലദേശമായ, നമുക്ക് ഒന്നിനും കുറവില്ലാത്ത നമ്മുടെ നറുക്കിട്ടുനൽകപ്പെട്ട ഓഹരിയെന്ന നിലയിൽ ക്രിസ്തു, നമുക്ക് അനുദിനം അനുഭവമാക്കുവാനും ആസ്വദിക്കുവാനും കഴിയുന്ന നമ്മുടെ സകലത്തിനും മതിയായ ദൈവവും വലിയവനായ ഞാൻ ആകുന്നവനും ആണ്; സഭയെ തന്റെ ശരീരമായി കെട്ടുപണി ചെയ്യുക എന്നതും സഭയെ തന്റെ മടങ്ങിവരവിന് തന്റെ മണവാട്ടിയായി ഒരുക്കുക എന്നതുമായ തന്റെ ആവശ്യത്തെ സന്ധിക്കുന്നതിന് അവൻ താൻ ആയിരിക്കുന്നത് നമ്മുടെ ഏത് ആവശ്യത്തെയും സന്ധിക്കുന്നു**

[Col. 2:8] ആരും തന്റെ തത്ത്വജ്ഞാനവും വെറും വഞ്ചനയും മുഖാന്തരം നിങ്ങളെ കൊള്ളയായി എടുത്തുകൊണ്ടുപോകാതിരിക്കുവാൻ സൂക്ഷിക്കുവിൻ, അത് മനുഷ്യരുടെ പാരമ്പര്യത്തിനൊത്തവണ്ണം, ലോകത്തിന്റെ ആദ്യപാഠങ്ങൾക്കൊത്തവണ്ണം അല്ലാതെ ക്രിസ്തുവിനൊത്തവണ്ണമല്ല;